**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **16-03-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലത്ത് ഫയർ ആന്റ് റെസ്‌ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലം പ്രസ്തുത ആവശ്യത്തിലേയ്ക്കായി കൈമാറ്റം ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | 18-2-2021ലെ സ.ഉ.(കൈ) 51/2021/ആഭ്യന്തരം. പ്രകാരം തത്വത്തിൽ അംഗീകാരം ലഭ്യമായിട്ടുള്ള നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | Clause (A) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | നേര്യമംഗലത്ത് ബസ്സ്റ്റാന്റിനോട് ചേർന്നുള്ള സാംസ്കാരിക നിലയം, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പഞ്ചായത്ത് ശുപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഗ്യാരേജ് സ്ഥാപിച്ച് നൽകുകയാണെങ്കിൽ മാത്രമേ പ്രസ്തുത കെട്ടിടം സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമാവുകയുള്ളൂ. |
| (ഡി) | നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും ഇടുക്കി ജില്ലയുടെ അതിർത്തി പങ്കിടുന്നതുമായ നേര്യമംഗലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മറ്റ് ഫയർ സ്റ്റേഷനുകളിൽ നിന്നും വളരെയധികം ദൂരത്തിലാണെന്ന വസ്തുതയും കണക്കിലെടുത്ത് നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ